(ബി) സർക്കാരിന്റെ പുറംപോക്ക് സ്ഥലമോ ലോക്കൽ ബോഡിയുടെ സ്ഥലമോ കണ്ടെത്തി ഇത് പരിഹരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസ് കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി

101 (2814) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേണേഴ്സ് ലൈസൻസ് ലഭിച്ചിട്ടുള്ളവർ അപേക്ഷ നൽകി വളരെനാൾ കഴിഞ്ഞശേഷമാണ് ഇപ്പോൾ ഡ്രൈവിംഗ് ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാലതാമസം പരിഹരിക്കാനായി അപേക്ഷ നൽകിയശേഷം പരമാവധി ഒരു മാസത്തിനകം ടെസ്റ്റ് നടത്തി വിജയിക്കുന്നവർക്ക് അന്നുതന്നെ ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ആർ.ടി. ഓഫീസുകളിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്. 15-12-1999 മുതൽ ടെസ്റ്റ് പാസ്സാകുന്നവർക്ക് അപ്പോൾത്തന്നെ ലൈസൻസ് നൽകി വരുന്നുണ്ട്.

(സി ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡ്രൈവിംഗ് ടെസ്റ്റിനുവേണ്ടിയുള്ള അപേക്ഷകൾ

102 (2815) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രൈവിംഗ് ടെസ്റ്റിനുവേണ്ടി എത്ര അപേക്ഷകരാണ് ഇപ്പോൾ ഉള്ളത് ;

(ബി) അപേക്ഷ സമർപ്പിച്ചശേഷം ടെസ്റ്റിനു വിളിക്കാനുള്ള കാലദൈർഘ്യം എത്രയാണ് ;

(സി) ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിനുവേണ്ടി എത്ര അപേക്ഷകരെ ആണ് ജില്ലാ ആഫീസുകളിലും ജോയിന്റ് ആർ.ടി. ഓഫീസുകളിലും ഓരോ ദിവസവും വിളിക്കുന്നത് ;

(ഡി) ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് വേണ്ടി എത്ര ഉദ്യോഗസ്ഥരെ ആണ് ദിവസവും നിയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly